ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

ഈ സ്ഥാപനങ്ങളിൽ കിടത്തി ചികിത്സിക്കുവുന്നിടത്തോളം രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ആവശ്യമുള്ള സ്റ്റാഫിനെ അവിടെ നിയമിച്ചിട്ടുണ്ട്.

വാടക നിയന്ത്രണം.

466. [52] ശ്രീ. എൻ. പരമേശ്വരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എതെല്ലാം പട്ടണങ്ങളിൽ വാടക നിയന്ത്രണം നിലവിലുണ്ട്; എന്തു് അടിസ്ഥാനത്തിലാണു് വാടകനിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതു്;

(ബി) ചങ്ങനാശേരി ടൗൺ വാടകനിയന്ത്രണ ഉത്തരവിന്റെ വ്യാപ്തിയിൽ നിന്നും ഒഴിവാക്കാൻ കാരണമെന്തു്;

(സി) ചങ്ങനാശേരി പട്ടണത്തിൽ വീണ്ടും വാടക നിയന്ത്രണം നടപ്പിൽ വരുത്തുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മട്ടാഞ്ചേരി, തൃശ്ശൂർ, ആലുവാ എന്നീ പട്ടണങ്ങളിൽ വാടകനിയന്ത്രണം നിലവിലുണ്ടു്. മേജർ മുനിസിപ്പാലിറ്റികളോ അല്ലെങ്കിൽ അത്രത്തോളം പ്രാധാന്യമുള്ള പട്ടണമോയെന്ന നിലയിലാണു് ഈ സ്ഥലങ്ങളിൽ നിയന്ത്രണം തുടരുന്നതു്.

(ബി) മുൻപറഞ്ഞസ്ഥലങ്ങളോളം പ്രാധാന്യമില്ലാത്തതുകൊണ്ടു്.

(സി) വാടകനിയന്ത്രണം കൂടുതൽ പട്ടണങ്ങളിൽ വ്യാപിപ്പിക്കാതിരിക്കുകയെന്നതാണു് ഗവണ്മെൻറിന്റെ നയം. ആ നിലയ്ക്കു് ചങ്ങനാശേരിയിൽ വീണ്ടും നിയന്ത്രണമേർപ്പെടുത്തണമെന്നു് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും.

467. [54] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വിഭജിച്ചതിനുശേഷം എക്സിക്യൂട്ടീവ് ഓഫീസറന്മാർക്കെങ്കിലും ജൂഡീഷ്യൽ അധികാരങ്ങൾ തുടർന്നു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം ഉദ്യോഗസ്ഥന്മാർക്കു്; എന്തു് അധികാരങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) കളക്ടറന്മാർക്കും, ഡെപ്യൂട്ടി കളക്ടർമാർക്കും. ഇവർക്കു് കൊടുത്തിട്ടുള്ള അധികാരങ്ങൾ ജൂൺ ഏഴാം തീയതിയിലെ (1955) ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly